"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

150 YEARS OF CELEBRATING THE MAHATMA

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - മരണമടഞ്ഞ എ. സുബ്രഹ്മണ്യൻ, രണ്ടാം ഗ്രേഡ് ഓവർസിയർ - അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യുഎ) വകുപ്പ്

G.O.(Rt) No.80/2021/LSGD തീയതി തിരുവനന്തപുരം, 12/01/2021

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 05.06.2020-ലെ ഇ5/8950/2018/സിഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

15.01.1981-ന് പൊതുമരാമത്ത് വകുപ്പിൽ മൂന്നാം ഗ്രേഡ് ഓവർസിയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. എ. സുബ്രഹ്മണ്യൻ, 18.03.2010-ലെ തസ്വഭവ ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം മൂന്നാം ഗ്രേഡ് ഓവർസിയറായി തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് ആഗിരണം ചെയ്യപ്പെടുകയുണ്ടായി. 20.02.2006 മുതൽ 16.11.2008 വരെ അനധികൃതമായി ദീർഘകാലം ജോലിയിൽ നിന്നും വിട്ടുനിന്നതുമായി ബന്ധപ്പെട്ട് ടിയാനെതിരെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അച്ചടക്കനടപടി സ്വീകരിക്കുകയും, തുടർന്ന് അച്ചടക്കനടപടികൾക്ക് വിധേയമായി ടിയാനെ 17.11.2008-ൽ ജോലിയിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ 28.02.2011 മുതൽ വീണ്ടും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും, 30.04.2016-ൽ സേവനത്തിൽ നിന്നും വിരമിക്കുകയും, തുടർന്ന് 03.03.2017-ൽ മരണപ്പെടുകയുമുണ്ടായി.

ടിയാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 20.02.2006 മുതൽ 16.11.2008 വരെയുള്ള (2 വർഷവും 8 മാസവും 26 ദിവസവും) കാലയളവ് അർഹമായ അവധി അല്ലെങ്കിൽ ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നും, കൂടാതെ, ടിയാൻ തസ്വഭവ എഞ്ചിനീയറിംഗ് വിഭാഗത്തിൽ 28.02.2011 മുതൽ വിരമിക്കൽ തീയതിയായ 30.04.2016 വരെ (5 വർഷവും 2 മാസവും 2 ദിവസവും) അനധികൃതമായി ജോലിയിൽ നിന്ന് വിട്ടു നിന്ന കാലയളവ് ക്രമീകരിക്കണമെന്നും തസ്വഭവ ചീഫ് എഞ്ചിനീയർ അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മക്കെതിരെ സുബ്രഹ്മണ്യനെതിരെ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കിയിട്ടുള്ളതിനാലും, ടിയാൻ മരണപ്പെട്ടിട്ടുള്ള സാഹചര്യത്തിലും, ടിയാൻ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന 20.02.2006 മുതൽ 16.11.2008 വരെയും, 28.02.2011 മുതൽ 30.04.2016 വരെയുമുള്ള കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 (iii) പ്രകാരം ശൂന്യവേതനാവധിയായി ക്രമീകരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

പകർപ്പ് :

(Ry ~~~)

1. മരണമടഞ്ഞ എ. സുബ്രഹ്മണ്യന്റെ അനന്തരാവകാശികൾക്ക് (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന)
2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. (സേവന പുസ്തകം സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. ധനകാര്യ വകുപ്പ് ( 29.12.2020- ലെ ഡെവ-I/120/2020/ധന പ്രകാരം)
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. കരുതൽ ഫയൽ / 'ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SREEKANTH G
Date: 2021.01.?7 21:58:20 IST
Reason: Approved

സെക്ഷൻ ഓഫീസർ